# Malayala Manorma

## 19 June 2018

## Kozhikode: Landslide



കോഴിക്കോട് കക്കാടംപൊയിലിൽ പി.വി.അൻവർ എംഎൽഎയുടെ വാട്ടർ തീം പാർക്കിനു താഴെ ഉണ്ടായ ഉരുൾ പൊട്ടൽ. താഴെ ജലസംഭരണിയും കാണാം.

# എംഎൽഎയുടെ പാർക്കിനു സമീപവും ഉരുൾപൊട്ടൽ; എല്ലാം രഹസ്യം

**പി.വി.അൻവറിന്റെ പാർക്കിന് സമീപത്തെ ഉരുൾപൊട്ടലിൽ താൽക്കാലിക നടപടിയിലൂടെ തടിയൂരാൻ നീക്കം**

മനോരമ ലേഖകൻ

കൂടരഞ്ഞി (കോഴിക്കോട്) ● കക്കാടംപൊയിലിൽ പി.വി.അൻവർ എംഎൽഎയുടെ വിവാദ വാട്ടർ തീം പാർക്കിനു സമീപം ഉണ്ടായ ഉരുൾപൊട്ടലിൽ താൽക്കാലിക നടപടിയെടുത്തു മുഖം രക്ഷിക്കാൻ അധികൃതരുടെ നീക്കം. 14 പേർ മരിച്ച കട്ടിപ്പാറ ഉരുൾപൊട്ടലിനു പിന്നാലെ കഴിഞ്ഞ വെള്ളിയാഴ്ച രാത്രിയാണു വാട്ടർ തീം പാർക്കിനു സമീപം ഉരുൾപൊട്ടലുണ്ടായത്. പാർക്കിന്റെ പ്രവർത്തനം തൽക്കാലം നിർത്തിവയ്ക്കാൻ കലക്ടർ നിർദേശം നൽകിയിരിക്കുകയാണ്.

തീം പാർക്കിൽ വൻതോതിൽ വെള്ളം ശേഖരിച്ചതിനു താഴെയാണ് ഉരുൾപൊട്ടൽ ഉണ്ടായത്. മണ്ണും കല്ലുമെല്ലാം പാർക്കിലേക്കു വെള്ളമെത്തിക്കുന്ന കുളത്തിൽ പതിക്കുകയായിരുന്നു. സംഭവം അതീവ രഹസ്യമാക്കി വച്ചിരുന്നുവെങ്കിലും പുറത്തറിഞ്ഞതിനെത്തുടർന്നു കൂടരഞ്ഞി വില്ലേജ് ഓഫിസർ അന്വേഷിച്ചു റിപ്പോർട്ട് നൽകിയിരുന്നു. തുടർന്നാണു സ്റ്റോപ് മെമ്മോ കൊടുത്തത്.

മൈനിങ് ആൻഡ് ജിയോളജി വിഭാഗം കഴിഞ്ഞദിവസം പാർക്കിൽ എത്തിയെങ്കിലും മൂടൽമഞ്ഞു കാരണം കൂടുതൽ പരിശോധന നടത്താനായില്ലെന്നു പറയുന്നു. രണ്ടു ദിവസത്തിനകം ഇവർ പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകിയേക്കും.

പാർക്ക് പൂർണ സുരക്ഷിതമാണെന്നും പാർക്ക് നിൽക്കുന്ന പ്രദേശം പരിസ്ഥിതി ലോല മേഖലയല്ലെന്നുമായിരുന്നു ദുരന്ത നിവാരണ അതോറിറ്റി, മൈനിങ് ആൻഡ് ജിയോളജി വിഭാഗം, ഗ്രാമപഞ്ചായത്ത് എന്നിവ ചേർന്നു റിപ്പോർട്ട് നൽകിയത്. കലക്ടർ അധ്യക്ഷനായ സമിതി ഈ റിപ്പോർട്ട് സർക്കാരിനു കൈമാറുകയും ചെയ്തിരുന്നു.

ഉരുൾപൊട്ടൽ ഉണ്ടായ പ്രദേശത്തേക്കു പാർക്ക് അധികൃതർ ആരെയും കടത്തിവിടുന്നില്ല. കുത്തനെയുള്ള മലയുടെ മുകളിലാണു പാർക്ക്.

കട്ടിപ്പാറ കരിഞ്ചോലമലയിൽ ഉരുൾപൊട്ടി 14 പേർ മരിച്ച സംഭവം നടന്നയിടത്തും മുകളിൽ അനധികൃത ജലസംഭരണിയുണ്ടായിരുന്നു. ഉരുൾപൊട്ടലിനു കാരണം ഇതാണെന്നും നാട്ടുകാർ പരാതിപ്പെട്ടിരുന്നു.